SREEPATHY

INSTITUTE OF MANAGEMENT AND TECHNOLOGY

(Approved by AICTE & Affiliated to University of Calicut)

Vavanoor, Koottanad (Via), Palakkad Dt., Kerala 679 533
E.mail : sreepathycollege@gmail.com

Phone : 0466 2370200, 2371300, 2371500, 2371400 Fax : 0466 2370300
www.simat.ac.in

University Affiliation No. GAI/D4/5443/2009 Government Approval No. GO (MS) No. 82/09/H.Edn. AICTE Approval No. South-West Region/1-400886721/2011/EOA

പ്രിയ രക്ഷിതാവേ,

ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് ടെക്നോളജി [SIMAT], ശ്രീപതി ട്രസ്റ്റിൻെറ കീഴിൽ പ്രവർത്തിക്കുന്ന പുതുതലമുറയിൽപ്പെട്ട ഒരു എഞ്ചിനീയറിംഗ് കോളേജ്, സാങ്കേതിക വിദ്യയെ പരമാവധി പ്രയോജനപ്പെടുത്തി അറിവിൻെറ ഉദാത്തമായ തലങ്ങളിലേക്ക് വിദ്യാർഥി സമൂഹത്തെ ഉയർത്തി നാളെക്ക് ആവശ്യമായ സാങ്കേതിക വിദഗ്ധരെ, എല്ലാറ്റിനുമുപരി മാനുഷിക മൂല്യങ്ങളെ ഉൾക്കൊള്ളുന്ന ഒരു സമൂഹമായി വളർത്തിയെടുക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. കോളേജിൻെറ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ മേൽപറഞ്ഞതിൻെറ സാക്ഷാത്കാരത്തിനുവേണ്ടി മാത്രമുള്ളതാണ്. വിദ്യാർഥി സമൂഹത്തിൻെറ സമഗ്രമായ വളർച്ച ലക്ഷ്യം വച്ച് പാഠ്യവിഷയങ്ങൾക്ക് പ്രത്യേകം ഊന്നൽ കൊടുത്തും പാഠ്യേതരവിഷയങ്ങളെ തള്ളാതെ അതിൻേറതായ ഗൗരവത്തിൽ കണ്ടും വിദ്യാർഥികളെ വിജ്ഞാനത്തിൻെറ അനന്തമായ ഉൾക്കാഴ്ച്ചകളിലേക്ക് നയിക്കുകയാണ് ലക്ഷ്യം. ഉന്നതനിലവാരം പുലർത്തുന്ന അദ്ധ്യാപകരും സജീകരണങ്ങളും ഏറ്റവും ഉയർന്ന തോതിൽ തന്നെ ഒരുക്കി കഴിഞ്ഞ കാല സർവകലാശാല പരീക്ഷകളിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കു കീഴിലുള്ള 44 എഞ്ചിനീയറിംഗ് കോളേജുകളിൽ, ആദ്യത്തെ എട്ടു മുൻനിര കോളേജുകളിൽ ഒന്നാകുവാൻ സാധിച്ചത് ശ്രീപതി കോളേജിൻെറ അർപ്പണമനോഭാവത്തിൻെറ തെളിവാണ്. അതോടൊപ്പം സാങ്കേതിക പരിജ്ഞാനം കൂട്ടുന്നതിനും തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് മുൻഗണന കൊടുക്കുന്നതിനും വേണ്ടി ഇന്ത്യയിലെ ഉന്നതകമ്പനികളിലൊന്നായ HMT, കേരള ഗവണ്മെൻറിൻെറ കീഴിലുള്ള ICT അക്കാദമി എന്നിവയുമായി ധാരണാപത്രം ഒപ്പുവെക്കുകയും, കോളേജിൻെറ കീഴിൽ SREACE [Sreepathy Advanced Career Education Centre] ൻെറ ആഭിമുഖ്യത്തിൽ വ്യത്യസ്തങ്ങളായ തൊഴിൽ അധിഷ്ഠിതമായ കോഴ്സുകൾ നടത്തിവരികയും ചെയ്യുന്നു. Piping Engineering and Design [Dept. ME], PLC SACAD Automation Course [Dept. EEE], Design of Structural Elements [Dept. CE], Embedded Systems And Development [Dept. ECE] തുടങ്ങിയവ മേൽപറഞ്ഞതിന് ഉദാഹരണങ്ങളാണ്. 25 ലക്ഷം രൂപക്കുമേൽ വിലയുള്ളതും ചുരുക്കം ചില കോളേജുകളിൽ മാത്രമുള്ളതുമായ CNC Machine ശ്രീപതി എഞ്ചിനീയറിംഗ് കോളേജിന് ഒരു മുതൽക്കൂട്ടാണ്. ഇതിലൂടെയുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് ഒരു പുതിയ അനുഭവമാണ്.

അദ്ധ്യാപക രക്ഷാകർതൃ മാനേജ്മെൻറ് കൂട്ടായ്മയുടെ അതിശക്തമായിട്ടുള്ള പ്രവർത്തനം ശ്രീപതി കോളേജിൻെറ വളർച്ചയെ സാരമായി സ്വാധീനിച്ചിട്ടുണ്ടെന്നുള്ളത് കഴിഞ്ഞ ചുരുങ്ങിയകാലം കൊണ്ട് തെളിയിച്ചു കഴിഞ്ഞു. തുടർന്നും നിർലോഭമായ സഹായ സഹകരണം അതിൻെറ എല്ലാ അർത്ഥത്തിലും പ്രതീക്ഷിച്ചുകൊണ്ടും, ഈ സഹകരണമാണ് ശ്രീപതിയുടെ ശരിയെന്ന് അറിയിച്ചുകൊണ്ടും താങ്കളെ **28/01/2015** ബുധനാഴ്ച്ച ഉച്ചയ്ക്ക് **2.30 pm** ന് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്ന PTMA ജനറൽ ബോഡി മീറ്റിങ്ങിലേക്ക് വിനയപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

എന്ന് വിശ്വസ്തതയോടെ

പ്രസിഡൻറ്

സെക്രട്ടറി

വാവന്നൂർ

22/01/2015